**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4679 14.11.2019-ൽ മറുപടിയ്ക്ക്**

## നിർമ്മാണ പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റോഡ്, പാലങ്ങൾ തുടങ്ങിയവ നവീകരിക്കുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലാത്തതു കാരണം പൂർത്തിയാക്കിയ റോഡുകൾ വീണ്ടും വെട്ടിപ്പൊളിക്കേണ്ടി വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഇത് പരിശോധിക്കുന്നതിനായി റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്ന ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. G.O(Rt) No.30/2018/PWD dated 5/01/2018.<br>2. G.O9Rt) No. 1321/2018/PWD dated 24/082018<br>3. G.O(Rt) No. 819/2019/PWD dated 4/07/2019<br>ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH – 33044/29/2015/S &R(R) തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ, കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം വെട്ടിപൊളിക്കേണ്ട ഏജൻസി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |

| | |
|---|---|
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനിയെന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ? | (ബി) ഈ സാഹചര്യം ഒഴിവാക്കുന്നതിന് വീതിയുള്ള സ്ഥലങ്ങളിൽ എസ്റ്റിമേറ്റ് എടുക്കുന്ന വേളയിൽ തന്നെ BSNL, KSEB, KWA എന്നീ വകുപ്പുകൾക്ക് യൂട്ടിലിറ്റി ഡക്റ്റിനുള്ള provision നൽകി, റോഡ് നിർമ്മാണം പൂർത്തിയാക്കിയ ഉടൻ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. നിലവിൽ KIIFB വർക്കുകൾക്ക് യൂട്ടിലിറ്റി ഡക്റ്റുകൾ നിർമ്മിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ